# ഉദ്ഗ്രഥനത്തിന്റെ കാവ്യശാസ്ത്രവും പ്രതിനിധാനത്തിന്റെ രാഷ്ട്രീയവും

പ്രൊഫ. ടി.എം. യേശുദാസൻ
പ്രൊഫസർ (റിട്ട.), ഇംഗ്ലീഷ് വിഭാഗം, സി.എം.എസ് കോളേജ്, കോട്ടയം .

**സംഗ്രഹം**

അടിമത്തത്തിന്റെ അവശിഷ്ടഘട്ടവും മലയാളനോവലിന്റെ രൂപീകരണവും തമ്മിലുള്ള സമകാലികത പഠനവിധേയമാക്കുന്നു. മലയാളിത്തനിമ എന്ന ആധുനിക സങ്കൽപ്പം അതിന്റെ ലിബറൽ/മതേതര/പുരോഗമന ആവരണത്തിനിടയിൽ ദളിതരുടെ അധമത്വം വാദിക്കുന്ന ക്ലാസിക്കൽലാവണ്യശാസ്ത്രത്തിന്റെയും സംസ്കാരത്തിന്റെയും മൂല്യങ്ങളുമായി കുറ്റകരമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്. മലയാള നോവലിന്റെ ഔദാര്യരഹിതമായ ഭൂമികയിലൂടെ പുരോഗമിക്കുന്ന ദളിത് വിഷയിയുടെ സഞ്ചാരപഥം പിൻതുടരുന്നതിനുള്ള ശ്രമമാണ് പ്രബന്ധലക്ഷ്യം. ദളിത് അനുഭവത്തെ ഒഴിവാക്കാതെ ഉൾപ്പെടുത്തുന്ന വിധത്തിൽ സമകാലിക കേരള സാംസ്കാരിക ശീലങ്ങളെ പുനർനിർവചിക്കാൻ ശ്രമിക്കുന്നു ഈ പഠനം.

**താക്കോൽ വാക്കുകൾ**: മൃട്ട്, അടിമ, ദലിത്, ഇരട്ടദൗത്യം, കൊളോണിയലിസം

ദളിതരെ മുഖ്യപ്രമേയമായോ നിർവാഹകത്വമുള്ള കഥാപാത്രങ്ങളായോ ഒഴിവാക്കിക്കൊണ്ടാണ് മലയാള നോവൽ അതിന്റെ സ്വത്വം വീര്യം കെടാതെ കാത്തുസൂക്ഷിക്കുന്നത്. മലയാളനോവലിൽ ദളിതർ ഒരിക്കലും പ്രത്യക്ഷപ്പെടാറില്ലെന്നല്ല ഇതിനർത്ഥം. നോവലിന്റെ ഓരോ പേജിലും ദളിതരെ ഉൾപ്പെടുത്തണമെന്ന വാശിയും ഇല്ല. എന്നാൽ, അവരെ ഉൾപ്പെടുത്തുമ്പോഴൊക്കെ ഒരു പ്രത്യേക രൂപകൽപ്പനപ്രകാരം അത് നിർവഹിക്കുകയും അവരുടെ

ശ്വാസം മുട്ടുന്ന സാന്നിദ്ധ്യം മലയാളി ഏകീഭാവം ചിട്ടപ്പെടുത്തുന്നതിൽ ഒരു ദൂരീകരണ ഘടകമായി പ്രവർത്തിക്കുകയും ചെയ്യുന്നു. മലയാളിത്തനിമ എന്ന ആധുനികസങ്കൽപ്പം അതിന്റെ ലിബറൽ/മതേതര/പുരോഗമന ആവരണത്തിനടിയിൽ, ദളിതരുടെ അധമത്വം വാദിക്കുന്ന ക്ലാസ്സിക്കൽലാവണ്യശാസ്ത്രത്തിന്റെയും സംസ്കാരത്തിന്റെയും മൂല്യങ്ങളുമായി കുറ്റകരമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്. മലയാളിത്തനിമയും ക്ലാസ്സിക്കൽ മൂല്യങ്ങളും തമ്മിലുള്ള ഈ ഗൂഢബന്ധം ദളിതർക്കെതിരായ ഒഴിവാക്കലും വിവേചനവും വെറും സ്വാഭാവികമാണെന്ന തോന്നൽ സൃഷ്ടിക്കുന്നു. (മോറിസൺ1992:8; ജോർഡൻ & വീഡൻ 1997: 259)

മലയാളനോവലിന്റെ ഔദാര്യരഹിതമായ ഭൂമികയിലൂടെ പുരോഗമിക്കുന്ന ദളിത്വിഷയിയുടെ സഞ്ചാരപഥം പിൻതുടരാനുള്ള ശ്രമമാണിവിടെ നടത്തുന്നത്. മലയാള നോവലും മലയാളിത്തനിമയും തമ്മിലുള്ള പരസ്പരമായ അകപ്പെടൽ ദളിത് വിഷയികളുടെ സ്വന്തം പ്രതിഛായയെയും സ്വത്വബോധത്തെയും ബാധിക്കുന്നതെങ്ങനെയെന്ന അന്വേഷണമാണ് മുഖ്യലക്ഷ്യം. ദളിത് അനുഭവത്തെ ഒഴിവാക്കാതെ ഉൾപ്പെടുത്തുന്ന വിധത്തിൽ സമകാലിക കേരള സാംസ്കാരികശീലങ്ങളെ പുനർനിർവചിക്കുക എന്ന ഒരു ദ്വിതീയ ലക്ഷ്യവുമുണ്ട്. ഇത്തരമൊരു പുനർനിർവചനത്തിന്റെ വിവക്ഷകൾക്ക് നിരൂപണത്തിന്റെയും ബോധനശാസ്ത്രത്തിന്റെയും പ്രയോഗങ്ങളുമായി ബന്ധമുണ്ട്.

കേരളത്തിൽ നോവൽ പിറന്നത് രണ്ടുഭാഷകൾ—ഇംഗ്ലീഷും മലയാളവും —തമ്മിലുള്ള പരസ്പരസജീവതയിലാണ്. ബക്തിന്റെ അഭിപ്രായത്തിൽ, ഇത്തരമൊരു പരസ്പരസജീവതയെ സാമൂഹ്യവും പ്രത്യയശാസ്ത്രപരവുമായ പോരാട്ടത്തിൽ നിന്നോ ജനതയുടെയും സമൂഹത്തിന്റെയും പരിണാമവും പുതുക്കവുമായി ബന്ധപ്പെട്ട പ്രക്രിയകളിൽ നിന്നോ വേർപെടുത്താനാവില്ല (ലോഡ്ജ് 1988: 144, 155). അതുകൊണ്ട് , മലയാള നോവലിനെ, പ്രത്യേകിച്ച് ജാതിയും അടിമത്തവുമായി ബന്ധപ്പെടുത്തി, മനസ്സിലാക്കാൻ മനപ്പൂർവമായ ഒരു ഭാഷാഭേദമില്ലായ്മ സ്വീകരിക്കേണ്ടത് അടിസ്ഥാനപരമാണ്.

കോളിൻസ് മദാമ്മയുടെ 'ദ സ്ലേയർ സ്ലെയ്ൻ' (1864), പോത്തേരി കുഞ്ഞമ്പുവിന്റെ 'സരസ്വതീവിജയം' (1892), തകഴിയുടെ 'രണ്ടിടങ്ങഴി' (1948), സാറാ തോമസിന്റെ 'ദൈവമക്കൾ' (1982), അരുന്ധതി റോയിയുടെ 'ദ ഗോഡ് ഓഫ് സ്മോൾ തിങ്സ്' (1997) എന്നീ അഞ്ചു നോവലുകളാണ് ചർച്ചയ്ക്കായി തെരഞ്ഞെടുത്തിട്ടുള്ളത്. ഇതിൽ ആദ്യത്തെയും അവസാനത്തെയും നോവലുകൾ പ്രാരംഭത്തിൽ ഇംഗ്ലീഷിൽ എഴുതി പ്രസിദ്ധീകരിച്ചവയും പിന്നീട്

മലയാളത്തിലേയ്ക്ക് വിവർത്തനം ചെയ്യപ്പെട്ടവയുമാണ്. ഈ നോവലുകൾ തെരഞ്ഞെടുക്കാൻ ഭാഷയ്ക്കുപകരം പ്രദേശം മാനദണ്ഡമായി സ്വീകരിച്ചതിനു പിന്നിൽ മലയാളിസാഹിത്യബോധത്തിന്റെ സാംസ്കാരികമായ ദ്വിഭാഷാപരിചയം അല്ലെങ്കിൽ ബഹുഭാഷാപരിചയം എടുത്തു കാട്ടാനുള്ള പ്രേരണയുണ്ട്. ഹിന്ദുത്വം എന്ന രാഷ്ട്രീയാദർശത്തിനു ചുറ്റും സംസ്കാരത്തെ ഏകരൂപമാക്കാൻ ശ്രമങ്ങൾ നടക്കുന്ന ഈ സന്ദർഭത്തിൽ ഇത്തരമൊരു അവകാശവാദം പ്രസക്തമാണ്.

വർഗ്ഗലഘൂകരണത്തിന്റെയും ഗാന്ധിയൻ പിതൃഭാവകോയ്മയുടെയും കാല്പനികപുനരുത്ഥാനവാദത്തിന്റെയും വഴികൾ ഒഴിവാക്കി മുന്നോട്ടു നീങ്ങാൻ അംബേദ്കറുടെ ജാതിവിരുദ്ധ ജേർണലുകളുടെ പേരുകളിൽ നിന്നു തട്ടിക്കൂട്ടിയ ചില താത്കാലിക സംവർഗ്ഗങ്ങളെ ഈ ലേഖനം നിർബന്ധ സേവനത്തിലെടുത്തിട്ടുത്തിട്ടുണ്ട്. യഥാക്രമം ' മൂക്നായക്'(1920),' ബഹിഷ്കൃത് ഭാരത്'(1927), 'സമത'(1927-28), 'ജനത' (1930), 'പ്രബുദ്ധഭാരത്' (1956) എന്നീ ജേർണൽ തലക്കെട്ടുകളിൽ നിന്ന് വേർതിരിച്ചെടുത്ത മൂക്, ബഹിഷ്കൃത്, സമത, ജനത, പ്രബുദ്ധത എന്നിവയാണ് വിശദീകരണം ആവശ്യമില്ലാത്ത ആ അഞ്ച് സംവർഗ്ഗങ്ങൾ.ഇളകുന്ന എന്നാൽ പ്രയോജനമുള്ള ഈ സംവർഗ്ഗങ്ങൾ ഇൻഡ്യൻചരിത്രം, സംസ്കാരം, ഗാന്ധിയൻ ദേശീയത, വർഗ്ഗരാഷ്ട്രീയം എന്നിവയുമായി അംബേദ്കർ നടത്തിയ പ്രകോപനപരമായ ഇടപെടലുകളെ അനുസ്മരിപ്പിക്കുന്നവയാണ്. ഒരുപക്ഷേ, ദളിത്പ്രസ്ഥാനത്തിന്റെ വ്യത്യസ്തമായ വികാസഘട്ടങ്ങളെ സൂചിപ്പിക്കുന്നതിനു വേണ്ടിയാകാം അംബേദ്കർ ഈ പേരുകൾ ഉപയോഗിച്ചത്. എന്നാൽ, ഇവ സൂചിപ്പിക്കുന്ന മനോഭാവങ്ങളും പ്രശ്നങ്ങളും നിർവചനങ്ങളും അഖിലേന്ത്യാതലത്തിൽ സമകാലിക ദളിത് അനുഭവവുമായി പൊരുത്തപ്പെടുന്നതു കൊണ്ട് ഞാൻ അവയെ രണ്ടർത്ഥത്തിലും—ഡയക്രോണിക്കും സിങ്ക്റോണിക്കും ആയി—ഉപയോഗിക്കുന്നു.

ചുരുക്കത്തിനും സൗകര്യത്തിനും വേണ്ടി മൂക്, ബഹിഷ്കൃത് എന്നീ രണ്ട് അംബേദ്കർ സംവർഗ്ഗങ്ങളെ കൂട്ടിച്ചേർത്ത് ദ മ്യൂട്ട് അഥവാ ഊമ എന്ന ഒറ്റ സംവർഗ്ഗമായി ചുരുക്കുകയാണ്. കൊളോണിയൽ കുടിയേറ്റം മൂലം ഭൂമി നഷ്ടപ്പെട്ട ആദിമനിവാസികൾ എങ്ങനെയാണ് നിശ്ശബ്ദരാക്കപ്പെടുകയും പാർശ്വവൽക്കരിക്കപ്പെടുകയും ചെയ്തതെന്ന് കാട്ടിത്തരുന്ന വെർണർ ഹെർസോഗിന്റെ 'വെയർ ഗ്രീൻ ആന്റ്സ് ഡ്രീം' എന്ന സിനിമയിലെ ദ മ്യൂട്ട് എന്ന കഥാപാത്രത്തെയാണ് ഓർമ്മ വരുന്നത്. അയാളുടെ ഭാഷ സംസാരിക്കുന്ന വേറൊരാളും ജീവിച്ചിരിപ്പില്ല. അയാൾക്ക് അയാളുടെ ഭാഷയല്ലാതെ

വേറൊരു ഭാഷയും അറിയുകയില്ല. ഇക്കാരണത്താലാണ് അയാൾ ഊമയായി മാറിയതും ദ മ്യൂട്ട് എന്ന് വിളിക്കപ്പെടുന്നതും. അയാളുടെ ഗോത്രത്തിലെ മറ്റെല്ലാ അംഗങ്ങളെയും കുടിയേറ്റക്കാർ ഉന്മൂലനം ചെയ്തിരുന്നു.

കൊളോണിയലിസത്തെപ്പോലെ, സവർണാധിപത്യവും ദളിതരെ നിശ്ശബ്ദരാക്കുന്നുണ്ട്. പോത്തേരി കുഞ്ഞമ്പുവിന്റെ സരസ്വതീവിജയം എന്ന നോവലിൽ, ഒരു കീർത്തനം ആലപിച്ച കുറ്റത്തിന് മരത്തൻ എന്ന ദളിത് യുവാവിനെ സവർണർ മർദ്ദിച്ച് മൃതപ്രായനാക്കുന്നുണ്ട്. വേദങ്ങളുടെയും ശാസ്ത്രങ്ങളുടെയും അധികാരം ഉപയോഗിച്ചാണ് മേൽജാതിക്കാർ അയാളെ നിശ്ശബ്ദനാക്കിയത്. ജാതിമർദ്ദനത്തിന് അടിസ്ഥാനമായ വിശുദ്ധഗ്രന്ഥങ്ങളുടെ അധികാരത്തെ തകർക്കാനുള്ള രോഷാകുലമായ ആഹ്വാനം അംബേദ്കർ ജാതിനിർമൂലനം എന്ന പ്രബന്ധത്തിൽ നടത്തുന്നുണ്ട് (1987:64)

ഈ പ്രബന്ധത്തിൽ, ഒരു സമൂഹത്തെ കെട്ടിപ്പടുക്കുന്നതിലും നിലനിർത്തുന്നതിലും ആശയവിനിമയം വഹിക്കുന്ന പങ്കിനെക്കുറിച്ച് അംബേദ്കർ പറയുന്നുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, മറ്റുള്ളവരുമായി കാര്യങ്ങൾ പൊതുവായി പങ്കുവയ്ക്കാനുള്ള ഒരേയൊരു മാർഗ്ഗം പരസ്പരം ആശയവിനിമയം തുടരുകയാണ്. ആശയവിനിമയം കൊണ്ടും ആശയവിനിമയത്തിലും ആണ് സമൂഹം തുടരുന്നതും നിലനിൽക്കുന്നതും (41). വളരെ പിന്നീട്, ബെനഡിക്റ്റ് അൻഡേഴ്സൺ രാഷ്ട്രങ്ങളെ ഭാവന ചെയ്യാൻ അച്ചടിസംസ്കാരം സഹായിച്ചതെങ്ങനെയെന്ന് നമുക്ക് കാട്ടിത്തന്നു. മാർക്സിസ്റ്റുകളും അംബേദ്കറൈറ്റുകളും തമ്മിലുള്ള ശത്രുതാപരമായ അപരിചിതത്വം കൂട്ടാക്കാതെ, അംബേദ്കർ ആശയവിനിമയത്തിനു നൽകുന്ന ഊന്നലും മാർക്സിന്റെ സാന്ദ്രത എന്ന ആശയവും കൂട്ടി ഘടിപ്പിക്കുന്നത് പ്രയോജനകരമാണെന്ന് എനിക്ക് തോന്നുന്നു. മാർക്സിന്റെ അഭിപ്രായത്തിൽ, തിങ്ങിപ്പാർക്കുന്ന ജനങ്ങളും മോശമായ ആശയവിനിമയമാർഗ്ഗങ്ങളുമുള്ള ഒരു രാജ്യത്തെ അപേക്ഷിച്ച് ജനങ്ങൾ അങ്ങിങ്ങായി ചിതറിക്കിടക്കുന്നതെങ്കിലും മെച്ചപ്പെട്ട ആശയവിനിമയമാർഗ്ഗങ്ങളാൽ ബന്ധിപ്പിച്ച രാജ്യത്തിനാണ് സാന്ദ്രത കൂടുതൽ(അരനോവിറ്റ്സ് 1992: 22). പ്രായോഗികബന്ധങ്ങളുടെ ശൃംഖലയായ സാമൂഹ്യമൂലധനത്തെക്കുറിച്ചുള്ള ബൂർദിയേയുടെ ആശയവും ഇതിനോടു ചേർത്ത് ഘടിപ്പിക്കാവുന്നതാണ്.

ഭ്രഷ്ടരാക്കപ്പെട്ട പുറജാതികളാക്കി ദളിതരെ ആശയവിനിമയത്തിൽ നിന്നും ചരിത്രത്തിൽ നിന്നും സംസ്കാരത്തിൽ നിന്നും വിഛേദിച്ചു കൊണ്ട് ആധിപത്യ വിഭാഗങ്ങൾ അവരെ ഊമകളാക്കി മാറ്റി. ജനങ്ങളെ സംബന്ധിച്ച

ഈ സത്യമാണ് ആദ്യത്തെ ജേർണലിന് മൂക് നായക് എന്ന പേരിടാൻ അംബേദ്കറെ നിർബന്ധിച്ചത്.

ജനസംഖ്യയിൽ പത്തു ശതമാനം പേരും മുൻ അടിമകളുടെ സന്തതികൾ ആയിട്ടു കൂടി എന്തുകൊണ്ടാണ് അടിമത്തത്തിന്റെ ചരിത്രവുമായി ബന്ധപ്പെട്ട ഒരു നോവൽ പോലും ഇവിടെ ഉണ്ടാകാത്തത് എന്ന ചോദ്യമാണ് കേരളത്തിലെ നോവൽ സാഹിത്യവുമായി ബന്ധപ്പെട്ട ഏറ്റവും ദുർഗ്രഹമായ പ്രശ്നം. അടിമത്തത്തോടുള്ള ഭാഷാസാഹിത്യത്തിന്റെ പ്രതികരണം നിശ്ചയമായും മറവിയുടെയും മൗനത്തിന്റെയും ആയിരുന്നു. പത്തൊൻപതാംനൂറ്റാണ്ടിന്റെ രണ്ടാംപാദം വരെയുള്ള മലയാളഗ്രന്ഥങ്ങൾ മുഴുവൻ പരിശോധിച്ചാലും കേരളത്തിൽ അടിമത്തം ഉണ്ടായിരുന്നു എന്നതിന് തെളിവൊന്നും ലഭിക്കുകയില്ല. ഈ ദേശത്തിലെ ആദ്യ ജനതയായി തുടക്കം മുതലേ ഉണ്ടായിരുന്ന മനുഷ്യരെക്കുറിച്ചാണ് ഈ നിശ്ശബ്ദത എന്നോർക്കണം. മലയാളി സംസ്കാരത്തിന്റെ ഉദ്ഭവത്തിലും വികസനത്തിലും ഗണ്യമായ സ്ഥാനമോ സ്വാധീനമോ ഇല്ലാതിരുന്ന ദളിത് ജനസമൂഹത്തിന് പരമ്പരാഗതവും പ്രാമാണികവുമായ മലയാളിസംസ്കാരത്തെ ഏതെങ്കിലും തരത്തിൽ രൂപപ്പെടുത്താനോ അഭ്യസിപ്പിക്കാനോ കഴിഞ്ഞിട്ടില്ലെന്നാണ് ഈ നിശ്ശബ്ദതയുടെ ഇപ്പോഴത്തെ ദുഷ്കർമ്മികൾ ഉറച്ചു വിശ്വസിക്കുന്നത്. അടിമത്തത്തിന്റെ ആനുകൂല്യമില്ലാതെ ആധുനികകേരളത്തിന്റെ സാമ്പത്തിക പുരോഗതിയെപ്പറ്റി ചിന്തിക്കാനാവില്ലെന്നും ദളിതരുടെ ചെലവിലാണ് മലയാളിജീവിത രീതി പൂർണത കൈവരിച്ചതെന്നും ഉള്ള കാര്യമാണ് അവർ സൗകര്യപൂർവം വിസ്മരിക്കുന്നത് (മോറിസൺ :45; ജോർഡൻ & വീഡൻ1997:33). ചരിത്രപരമായ മൗനത്തിന്റെയും സാമൂഹ്യമായ നിശ്ശബ്ദമാക്കലിന്റെയും ഇരട്ട കാര്യക്രമങ്ങളാണ് ദളിത് വ്യക്തിത്വത്തെ ഊമയായി നിർമ്മിച്ചെടുക്കുന്നത്.

കേരളത്തിൽ പത്തൊൻപതാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ അടിമത്തം നിർത്തലാക്കിയെങ്കിലും ഫലപ്രദമായ വിമോചനം തെന്നിമാറിക്കൊണ്ടിരുന്നു. അടിമത്തം, സത്യത്തിൽ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിലും വലിയ മാറ്റമൊന്നും കൂടാതെ അവശേഷിച്ചു. അടിമത്തത്തിന്റെ ഈ അവശിഷ്ടഘട്ടത്തിന്റെ (1860-1920)പശ്ചാത്തലത്തിൽ വേണം അയ്യങ്കാളി (1863-1941)യുടെ സമരോത്സുകതയും പൊയ്കയിൽ യോഹന്നാൻ (1879-1939)നടത്തിയ പ്രത്യക്ഷരക്ഷാസുവിശേഷ പ്രചാരണങ്ങളും പാമ്പാടിജോൺജോസഫ് (1887-1940) ഉയർത്തിയ ചേരമർവാദവും മനസ്സിലാക്കേണ്ടത്.

അടിമത്തത്തിന്റെ അവശിഷ്ടഘട്ടവും മലയാളനോവലിന്റെ

രൂപീകരണകാലവും തമ്മിലുള്ള സമകാലികതയാണ് എന്റെ ശ്രദ്ധയിൽപ്പെട്ട സുപ്രധാനമായ കാര്യം.

അകന്നുപോകുന്ന വിടുതലിന്റെ പ്രതീക്ഷകൾക്കിടയിൽ അടിമത്തത്തിന്റെ കഷ്ടതകളിൽപ്പെട്ട് ദളിതർ ക്ഷീണിച്ച് തളർന്നുകൊണ്ടിരുന്നപ്പോൾ അവരുടെ ഉടമകളായ നായന്മാർ,ഒരു വശത്ത്, പാശ്ചാത്യവൽക്കരണത്തിലൂടെ കൊളോണിയൽ മോഡേണിറ്റി കൈവശപ്പെടുത്തുകയും, മറുവശത്ത് വീരോചിതവും രാജപക്ഷവുമായ ഒരു ഭൂതകാലം അവകാശപ്പെട്ടുകൊണ്ട് കുലീനമായ ഒരു പാരമ്പര്യം സൃഷ്ടിക്കുകയും ചെയ്യുകയെന്ന ഇരട്ടകർത്തവ്യങ്ങളിൽ വ്യാപൃതരായിരുന്നു. ഈ ഇരട്ടദൗത്യത്തിന്റെ നോവൽ വ്യവഹാരം, ഒരു വശത്ത്, ഓ. ചന്തു മേനോന്റെ സാമൂഹ്യ നോവലുകളായ ഇന്ദുലേഖയും (1889), ശാരദയും (1892), മറുവശത്ത്, സി. വി രാമൻപിള്ളയുടെ ചരിത്രനോവലുകളായ മാർത്താണ്ഡവർമ്മ (1891), ധർമ്മരാജ (1917), രാമരാജബഹദൂർ (1920) എന്നിവയും ഉല്പാദിപ്പിച്ചു.

ആധുനിക നായർ കുടുംബത്തിന്റെ ആവിർഭാവം വിളംബരം ചെയ്യുന്നതായിരുന്നു ചന്തുമേനോന്റെ നോവലുകൾ. നമ്പൂതിരി ബ്രാഹ്മണ പുരുഷന്മാർക്ക് നായർസ്ത്രീകളുമായി ജാത്യചാരപ്രകാരം അനുലോമബന്ധം അനുവദിക്കുന്ന സംബന്ധം (ഭാസ്കരനുണ്ണി 1988: 78) എന്ന ബാഹ്യഗോത്രബന്ധം കാലഹരണപ്പെട്ടതായി പ്രഖ്യാപിച്ചുകൊണ്ട് ഇന്ദുലേഖ നായർകുടുംബത്തെ ബാഹ്യമായ ഒരു മേൽക്കോയ്മയിൽ നിന്ന് സ്വതന്ത്രമാക്കി. അണുകുടുംബത്തിലേക്കുള്ള വഴി തെളിച്ചുകൊണ്ട് ശാരദ അമ്മാവന്റെ ഇച്ഛാധിപത്യം എന്ന ആഭ്യന്തര മേൽക്കോയ്മയിൽ നിന്ന് നായർ കുടുംബത്തിന്റെ സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. ബ്രിട്ടനിലെ ബൂർഷ്വാവിഭാഗത്തിന്റെ ഉരുത്തിരിയലും ഏകീകരണവുമായി ബന്ധപ്പെട്ട് വിപുലമായ ജനപ്രിയത നേടിയ റിച്ചാർഡ്സന്റെ പമേലയും ക്ലാരിസ്സയും പോലെ, സ്ത്രീകളുടെ പേരുള്ള ചന്തുമേനോൻ നോവലുകൾ കൈമാറ്റത്തിന്റെയും പിന്തുടർച്ചവകാശത്തിന്റെയും കാര്യത്തിൽ ഫ്യൂഡൽ മാതൃദായക്രമത്തിൽ നിന്ന് മോഡേൺ പിതൃദായക്രമത്തിലേക്ക് നായർ സമുദായം നടത്തുന്ന മാറ്റത്തെ സൂചിപ്പിക്കുന്നു.

എങ്കിലും, പേരുകേട്ട സാമൂഹ്യ പരിഷ്കർത്താക്കൾ കൂടിയായ ഓ. ചന്തുമേനോനും, സി. വി രാമൻപിള്ളയും എന്തുകൊണ്ടാണ് ജാതിയുടെയും അടിമത്തത്തിന്റെയും ദളിത് അനുഭവത്തെ ഒഴിവാക്കിക്കൊണ്ട് സാമൂഹ്യം, ചരിത്രപരം എന്നീ സങ്കല്പങ്ങളെ നിർവചിച്ചത്?എന്തുകൊണ്ടാണ് പത്തൊൻപതാം നൂറ്റാണ്ടിലെ റിയലിസം ജാതിയുടെയും അടിമത്തത്തിന്റെയും പൊള്ളുന്ന പ്രശ്നം

റിയൽ/യഥാർത്ഥം എന്ന് നിരൂപിക്കാതിരുന്നത്? മലയാള നോവലിന്റെ ഉരുത്തിരിയലും സ്വതന്ത്രവും ആധുനികവും അന്തസ്സുറ്റതും ആയ ഒരു പുത്തൻ മലയാളിയുടെ ഉദയവും തമ്മിലുള്ള ബന്ധത്തിലേക്കാണ് ഈ ചോദ്യങ്ങൾ നമ്മെ നയിക്കുന്നത്. അടിമ/ദലിത് എന്ന പരികല്പന നിർവചനം കൊണ്ടുതന്നെ പരിഷ്കൃതം, ആദരണീയം എന്നിവയുടെ വേലിക്കെട്ടുകൾക്ക് പുറത്തായിരുന്നു. അതുകൊണ്ട് അവ ഊമ/ദ മ്യൂട്ട് ആയി.

തിരുവനന്തപുരത്തെ അഭ്യസ്തവിദ്യരായ നായർ യുവാക്കൾ ചേർന്ന് സംഘടിപ്പിച്ച മലയാളിസഭ (1885)യുടെ സ്ഥാപകഅംഗങ്ങളിൽ ഒരാളും അതിന്റെ ജേർണൽ ആയ 'മലയാളി' (1886) യുടെ എഡിറ്ററും ആയിരുന്നു സി.വി. രാമൻ പിള്ള. അതുവരെ വിദേശ ബ്രാഹ്മണരുടെ അവകാശസങ്കേതമായിരുന്ന ഭരണത്തിലെയും ഉദ്യോഗങ്ങളിലെയും ഉന്നതസ്ഥാനങ്ങളിൽ മലയാളികൾക്ക് മുൻഗണന നൽകണമെന്നാവശ്യപ്പെട്ട് 1891-ൽ നായന്മാർ തിരുവിതാംകൂർ മഹാരാജാവിന് നൽകിയ മലയാളിമെമ്മോറിയൽ ഡ്രാഫ്റ്റ് ചെയ്തത് അദ്ദേഹമാണെന്ന് പറയപ്പെടുന്നു. അഞ്ചുവർഷങ്ങൾക്കുശേഷം 1896-ൽ, ഈഴവർ ചേർന്ന് ഈഴവമെമ്മോറിയൽ എന്നറിയപ്പെടുന്ന ഒരു നിവേദനം രാജാവിന് നൽകി. ദളിതർ രണ്ടിൽനിന്നും ഒഴിവാക്കപ്പെട്ടിരുന്നു. ജാതിയുടെ ഘടനകളാണ് സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങളുടെ ഘടനകളെയും നിർണയിച്ചത്. എന്നാലും മലയാളിമെമ്മോറിയലിന്റെ ഒപ്പുകാരിൽ കുറെ ഈഴവരെയും ഉൾപ്പെടുത്തിയിരുന്നു.

ഒഴിവാക്കലിന്റെ ഈ മൗനമായ ഉത്തരവ് അയ്യങ്കാളിയുടെ ചരിത്രപ്രധാനമായ സമരങ്ങളെ, പ്രത്യേകിച്ച് ,മേല്പറഞ്ഞ രണ്ട് മെമ്മോറിയലുകൾക്കിടയിൽ 1893-ൽ നടന്ന വില്ലുവണ്ടിസമരത്തെ ബാധിച്ചു. ജാതിവിലക്കുകൾ വകവെയ്ക്കാതെ, ഒരു ദിവസം അലങ്കരിച്ച കാളവണ്ടിയിൽ പൊതുനിരത്തിലൂടെ അയ്യങ്കാളി സവാരി ചെയ്തു. ഇത് ദളിതരും മറുവശത്ത് പ്രധാനമായും ഈഴവരടങ്ങിയ ജാതിവാദികളും തമ്മിലുള്ള അക്രമത്തിൽ കലാശിച്ചു. കേരളചരിത്രത്തിലെ പ്രമുഖ സംഭവങ്ങളായി രണ്ട് മെമ്മോറിയലുകളെയും സ്ഥാപിച്ച് പുകഴ്ത്തിയപ്പോൾ അയ്യങ്കാളിയുടെ വില്ലുവണ്ടിസമരത്തെ ഊമയായി, ദ മ്യൂട്ട് ആയി വിസ്മൃതിയിൽ തള്ളിവിട്ടുകളഞ്ഞു.

ഒരുവശത്ത്, മേൽത്തട്ടിലെ അതിപരിഷ്കൃതരായ വിദേശബ്രാഹ്മണരടങ്ങിയ നോൺ-മലയാളി അപരരേയും മറുവശത്ത്, കീഴ്ത്തട്ടിലെ അപരിഷ്കൃതരായ നാടൻ ദളിത് അപരരേയും എതിരായി നിർത്തിക്കൊണ്ടാണ് പുത്തൻമലയാളി സ്വത്വം നിർവചിക്കപ്പെട്ടത്. വിദേശ ബ്രാഹ്മണർ കാലക്രമേണ

കേരളസമൂഹത്തിൽ അലിഞ്ഞുചേർന്നു. ദളിതരുടെ ഉദ്ഗ്രഥനം നിരന്തരം അകന്നു പൊയ്ക്കൊണ്ടിരിക്കുന്നു. ഇതിന്റെ ഫലമായി മലയാളിയുടെ സ്വന്തം പ്രതിച്ഛായ എപ്പോഴും നിർവചിക്കപ്പെടുന്നത് ഊമ/മൃട്ട് ആക്കപ്പെട്ട സ്വദേശി ദളിത് അപരർക്കെതിരായിട്ടാണ്. ദളിതരെ ഒഴിവാക്കുന്ന ഇത്തരമൊരു മലയാളി സ്വത്വസങ്കല്പം ഒരു പാശ്ചാത്യമിഷനറിയുടെ രചനകളിൽ മുൻകൂട്ടി സൂചിപ്പിക്കപ്പെടുന്നതും പിന്നീട് മാർക്സിസ്റ്റ് ചരിത്രരചനയിൽ വീണ്ടും പ്രത്യക്ഷപ്പെടുന്നതും എങ്ങനെയെന്നതാണ് വളരെ രസകരമായ ഒരു കാര്യം.

സിഎംഎസ് മിഷനറിയായ ജോസഫ് പീറ്റ് 1860-ൽ എഴുതി:

> "ഈ അടിമജനം തിരുവതാംകൂർ സമുദായത്തിന്റെ ഒരു ഭാഗമാണെന്ന് ഞാൻ കരുതുന്നില്ല. അവരെ നമ്മുടെ മിഷനറി വേലയുടെ മുഖ്യലക്ഷ്യമാക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല... അച്ചടക്കത്തെ കാര്യമായി ബാധിക്കാത്ത വിധത്തിൽ അവർക്കിടയിൽ സ്കൂളുകൾ തുടങ്ങാനും അവരെ ക്രൈസ്തവമാർഗ്ഗത്തിൽ അഭ്യസിപ്പിക്കാനും ഞാൻ ആഗ്രഹിക്കുന്നു... എന്നാലും നിലവിലുള്ള സാഹചര്യത്തിൽ, അവരുടെ നിയമപരമായ പദവിയിൽ തലയിടാനോ തിരുവതാംകൂർ സമുദായം അവർക്ക് ഒരിക്കലും അനുവദിച്ചിട്ടില്ലാത്ത ഒരു സ്ഥാനം അവർക്കുണ്ടെന്നു ഭാവിക്കാൻ അവരെ പ്രോത്സാഹിപ്പിക്കാനോ ഞാൻ ഒരുക്കമല്ല" (ഹണ്ട് 1968:111 )

മിഷനറി ഇവിടെ അഞ്ചു പ്രസ്താവനകൾ നടത്തുന്നുണ്ട്. ഒന്നാമതായി, അടിമകൾ/ദളിതർ തിരുവിതാംകൂർ/മലയാളി സമൂഹത്തിന്റെ ഭാഗമല്ല. രണ്ടാമതായി അവർ അദ്ദേഹത്തിന്റെ മുൻഗണനയിൽ പെടുന്നില്ല. മൂന്നാമതായി, വളരെ ഒതുക്കത്തിൽ മറ്റുള്ളവർക്ക് പ്രശ്നമുണ്ടാക്കാതെ അവരെ ക്രൈസ്തവവൽക്കരിക്കും. നാലാമതായി, അവരുടെ നിയമപരമായ പദവിയിൽ മാറ്റം വരുത്താൻ യാതൊന്നും ചെയ്യുകയില്ല. അഞ്ചാമതായി, മറ്റുള്ളവരുമായി തുല്യത/സമത ഭാവിക്കാൻ അവരെ പ്രോത്സാഹിപ്പിക്കുകയില്ല. മിഷനറി രേഖകളിൽ നാം നാട്ടു മിഷണറിമാരെക്കുറിച്ച് വായിക്കാറുണ്ട്. എന്നാൽ,ഈ നാട്ടുകാരിൽ ഒറ്റ ദളിതനെപ്പോലും നാം കാണുന്നില്ല. മലയാളിയെപ്പോലെ നാട്ടുകാരനും മാറ്റമില്ലാതെ നോൺ-ദളിത് ആണ്. ക്രിസ്ത്യൻ ദളിത് ദ മൃട്ട്.

കേരളം മലയാളികളുടെ മാതൃഭൂമി (1948) എന്ന കൃതിയിൽ ഇ.എം.എസ് നമ്പൂതിരിപ്പാട് കേരളത്തിന്റെ ആധുനികപൂർവ്വസാമൂഹ്യരൂപീകരണത്തെ വിശദമാക്കാൻ ജാതി-ജന്മി-നാട്ടുവാഴി മേധാവിത്തം എന്ന ഫോർമുലയാണ് ഉപയോഗിച്ചത്. കേരളത്തിലെ ദളിതരുടെ ജംഗമ അടിമത്തം/ചാറ്റൽ

സ്ലേവറിഎന്ന ചരിത്രാനുഭവത്തെയാണ് ത്രയരൂപത്തിലുള്ള ഇ.എം.എസ് ഫോർമുല അതിദാരുണമായി ഒഴിവാക്കിയത്. അദ്ദേഹത്തിന്റെ കേരളചരിത്രം മാർക്സിസ്റ്റ് വീക്ഷണത്തിൽ (1990) എന്ന കൃതിയും ദളിതർക്ക് ഭേദപ്പെട്ട ഒരു ഇടപാട് നൽകുന്നില്ല. അടിമ- ഉടമ പരസ്പരാശ്രിതത്വത്തിന്റെ നൂറ്റാണ്ടുകൾ അവഗണിച്ചുകൊണ്ട് ദളിതർ സമൂഹത്തിലെ മറ്റുള്ളവരെ സ്വാധീനിക്കുകയോ മറ്റുള്ളവരാൽ സ്വാധീനിക്കപ്പെടുകയോ ചെയ്തിട്ടില്ലെന്ന മിഷണറിയുടെ പ്രസ്താവനയോട് യോജിക്കുന്നതായിട്ടാണ് തോന്നുന്നത്. അടിമത്തത്തിന്റെ പ്രയോജനം കൂടാതെ ആധുനികകേരളത്തിന്റെ സാമ്പത്തികപുരോഗതിയെയും സാംസ്കാരികവികസനത്തെയും പറ്റി ചിന്തിക്കാനാവില്ലെന്ന സത്യമാണ് മിഷനറിയും മാർക്സിസ്റ്റും വിസ്മരിക്കുന്നത്.

ആദ്യകാല മലയാളനോവലുകളിലെ ക്ലാസിക് കൃതികളിൽ ഒന്നിലും ദളിതരെയോ അടിമത്തത്തെയോ പറ്റി യാതൊരു പരാമർശവും ഉണ്ടായിരുന്നില്ല. എന്നാൽ കേരളത്തിൽ ആദ്യം രചിക്കപ്പെട്ട ദ സ്ലേയർ സ്ലെയ്ൻ എന്ന നോവലിന്റെ പ്രതിപാദ്യവിഷയത്തിൽ അടിമത്തനിരോധനത്തിന്റെയും ഉദ്ഗ്രഥനത്തിന്റെയും ഘടകമുണ്ട്. ദളിതർ അനുഭവിക്കുന്ന സ്വത്വത്തിന്റെ ആധിക്യംമൂലം അടിമത്തത്തെക്കുറിച്ചും അടിമത്തത്തിനെതിരെയും ഉള്ള ഒരു നോവൽ എന്ന കീർത്തി ഈ മിഷൻ നോവൽ കൈവരിച്ചിട്ടുണ്ട്. കേരളത്തിലെ സിറിയൻ ക്രിസ്ത്യൻ സമുദായവുമായി ബന്ധപ്പെട്ട് പ്രൊട്ടസ്റ്റന്റ് മിഷൻ നേരിട്ട പ്രശ്നങ്ങളുടെ ഒരു വിവരണമാണ് ഈ നോവൽ നൽകാൻ ശ്രമിക്കുന്നതെന്ന് ഇതിന്റെ സന്ദർഭം സൂക്ഷിച്ച് പരിശോധിച്ചാൽ ആർക്കും ബോധ്യമാകും

മലങ്കര സുറിയാനി സഭയുടെ ഉദ്ധാരണമായിരുന്നു സി.എം.എസ് മിഷൻ ഓഫ് ഹെൽപിന്റെ ഏകലക്ഷ്യം. എന്നാൽ, ഇരുപതുവർഷങ്ങളുടെ സഹകരണത്തിനു ശേഷം 1836-ൽ സുറിയാനിസഭയും മിഷണറിമാരും തമ്മിൽ വഴിപിരിഞ്ഞു. പ്രൊട്ടസ്റ്റന്റ് പരിഷ്കരണങ്ങളെ നിരുപാധികം തള്ളിക്കളഞ്ഞ സിറിയൻ ക്രിസ്ത്യൻ പിൻമാറ്റം മിഷനറിമാരെ അക്ഷരാർത്ഥത്തിൽ ഞെട്ടിച്ചുകളഞ്ഞു. ഈയൊരു വെളിച്ചത്തിൽ വായിച്ചാൽ ദ സ്ലെയർ സ്ലെയ്ൻ തികച്ചും വ്യത്യസ്തമായ ഒരു അർത്ഥം ആയിരിക്കും പ്രസരിപ്പിക്കുക.

നോവലിലെ മുഖ്യകഥാപാത്രമായ കോശി കുര്യൻ പ്രൊട്ടസ്റ്റാന്റിസം ഉപേക്ഷിച്ച ഒരു സിറിയൻ ക്രിസ്ത്യൻ പിന്മാറ്റക്കാരനാണ്. അയാളുടെ മകൾ മറിയം മിഷൻസ്കൂളിൽ നിന്ന് മടങ്ങിയെത്തിയത് ഒരു തികഞ്ഞ പ്രൊട്ടസ്റ്റന്റ് വിശ്വാസി ആയിട്ടാണ്. ഈയൊരു പ്രാഥമികവൈരുദ്ധ്യത്തിലാണ് ഈ

നോവൽ ഉറപ്പിച്ചിരിക്കുന്നത്. അങ്കിൾ ടോമിന്റെ മാതൃകയിൽ സൃഷ്ടിച്ച പൗലോസ പുലയൻ എന്ന അടിമകഥാപാത്രത്തിലൂടെ പ്രൊട്ടസ്റ്റന്റ് അടിമ നിരോധനവ്യവഹാരം നോവലിൽ അവതരിപ്പിക്കുന്നുണ്ടെന്നത് ശരിതന്നെ. എന്നാൽ അടിമകളോട് ക്രൂരമായി പെരുമാറുന്ന സിറിയൻ ക്രിസ്ത്യൻ പിന്മാറ്റക്കാരൻ പിതാവിനെയും അടിമത്തത്തിന്റെ പ്രയോജനങ്ങൾ അനുഭവിച്ചുകൊണ്ടുതന്നെ അടിമകളോട് അനുകമ്പയോടെ പെരുമാറുന്ന പ്രൊട്ടസ്റ്റന്റ് വിശ്വാസിയായ മകളെയും തമ്മിൽ വേർതിരിക്കുന്ന ഒരു ഘടകം ആയിട്ടാണ് അടിമത്തം പ്രവർത്തിക്കുന്നത്.

അമേരിക്കൻ സിവിൽവാറിന്റെ കാലത്ത്, അടിമത്തത്തെ ഇതുപോലൊരു കാര്യത്തിനായി ഉപയോഗിക്കുന്നുണ്ട്. അടിമത്തം നിലനിൽക്കുന്ന ദക്ഷിണസംസ്ഥാനങ്ങളും ലിബറൽ നയങ്ങൾ പിന്തുടരുന്ന ഉത്തരസംസ്ഥാനങ്ങളും തമ്മിലുള്ള വ്യത്യാസം ചിത്രീകരിക്കാൻ ഹാരിയറ്റ് ബീച്ചർ സ്റ്റോവിന്റെ 'അങ്കിൾ ടോംസ് ക്യാബിൻ'(1852) എന്ന നോവലിലാണ് അടിമത്തം ഇത്തരത്തിൽ ഉപയോഗിക്കപ്പെടുന്നത്. ഹാപ്പി എൻഡിങ്ങിന്റെ കാര്യമൊഴിച്ചാൽ, ദ സ്ളേയർസ്ലെയ്ൻ അതിന്റെ കാവ്യശാസ്ത്രം കടം എടുത്തിരിക്കുന്നത് അങ്കിൾ ടോംസ് ക്യാബിനിൽ നിന്നാണ്. അങ്കിൾ ടോം എന്ന നല്ല അടിമക്കുള്ള കുറിപ്പടി നിർദേശങ്ങൾ പൗലോസ പുലയൻ അതേപടി പാലിക്കുകയും സഹനത്തിന്റെയും ലജ്ജിപ്പിക്കുന്ന നിഷ്ക്രിയതയുടെയും ദളിത് വാർപ്പ് മാതൃകയായി മാറുകയും ചെയ്യുന്നു (റൂലാൻഡ് & ബ്രാഡ്ബറി 1992: 181-3). അമേരിക്കയിലെ കറുത്ത അടിമകൾക്കിടയിൽ നടന്ന വെള്ളക്കാരുടെ പ്രൊട്ടസ്റ്റന്റ് മിഷനുകളെപ്പറ്റിയുള്ള ജെയിംസ് കോണിന്റെ വിമർശനം ഏറെ പ്രസക്തമാണ്.

> "യജമാനന്മാരുടെ ലക്ഷ്യം അനുസരണയും മെരുക്കവും ഉള്ള അടിമയെ സൃഷ്ടിക്കുന്ന ഒരു യേശുവിനെ അവതരിപ്പിക്കുക എന്നതായിരുന്നു. കറുത്തവരെ മെച്ചപ്പെട്ട അടിമകൾ അതായത്, വെള്ളക്കാരായ യജമാനന്മാരുടെ വിശ്വസ്ത സേവകരാക്കുന്ന ജോലിയാണ് യേശു നിർവഹിക്കേണ്ടിയിരുന്നത്." (കോൺ 1975: 31)

മിസ്സിസ്സിപ്പി നദിയിൽ മുങ്ങിച്ചാകുന്നതിൽനിന്ന് ഇവാ സെന്റ് ക്ലയർ എന്ന വെള്ളക്കാരി പെൺകുട്ടിയെ അങ്കിൾ ടോം രക്ഷപ്പെടുത്തിയപോലെ കോശി കുര്യന്റെ മകൾ മറിയത്തെ മുങ്ങിമരണത്തിൽനിന്ന് പൗലോസ രക്ഷപ്പെടുത്തുന്നുണ്ട്. പൗലോസക്കുനേരെ ഓങ്ങിയ കോശി കുര്യന്റെ അടിയേറ്റാണ് പൗലോസയുടെ പേരക്കുട്ടി ചത്തത്. ഒരു നല്ല അടിമയുടെ

കഥയെ എങ്ങനെയാണ് നമുക്ക് വിമോചനത്തിന്റെ കഥയായി പ്രതിനിധാനം ചെയ്യാൻ കഴിയുക? സബിസ്റ്റൺ പറയുംപോലെ, മർദ്ദകനോട് സഹകരിക്കുന്നവെന്ന കുറ്റപ്പെടുത്തലിന്റെ ദുസ്സൂചന പേറുന്നതാണ് ഇന്ന് അങ്കിൾ ടോം എന്ന ലേബൽ (പ്ലാസ & റൈഡിങ് 1994: 95).

എന്നാലും, ദലിത് അടിമകൾ പ്രതിനിധാനം ചെയ്യപ്പെട്ടത് വക്രവും സ്വാർത്ഥപരവുമായ രീതിയിലായിരുന്നെങ്കിൽപ്പോലും, അവർക്ക് സാഹിത്യവ്യവഹാരത്തിൽ ആദ്യം ഇടം നൽകിയത് മിഷൻ നോവലുകളാണ്. ദളിതരെ ഒഴിവാക്കിയ കുറ്റത്തിൽ നിന്ന് ഈ കാലഘട്ടത്തിലെ പ്രാമാണിക മലയാള നോവലുകളെ ഒരു തരത്തിലും വിട്ടുവിക്കാനാവില്ല. അടിമകളുടെ വിമോചനം മേൽജാതിക്കാരുടെ താൽപര്യങ്ങൾക്ക് അനുഗുണമായിരുന്നില്ലെന്നത് നേരാണ്. എന്നാൽ, ശബ്ദം വീണ്ടെടുക്കാൻ ദളിത് മൂട്ടുകൾ നടത്തിയ പരിശ്രമങ്ങളോട് ഏറ്റുമുട്ടിയും അകലം പാലിച്ചും പരിണമിച്ച വികസിച്ച മലയാളിജ്ഞാനോദയത്തെ മനസ്സിലാക്കാൻ ഈ താല്പര്യമില്ലായ്മ വളരെ പ്രധാനപ്പെട്ടതാണ്.

ജാതിനിർമ്മൂലനം അനുപേക്ഷ്യമാക്കുകയും അടിത്തട്ടിൽനിന്ന് സമതയിലേയ്ക്കുള്ള ഒരു ഉണർവായി പ്രബുദ്ധതയെ സങ്കൽപ്പിക്കുകയും ചെയ്ത അംബേദ്കറുടെ ദർശനത്തോട് മലയാളി ജ്ഞാനോദയത്തിന്റെ ജാതി മനോഭാവശീലങ്ങൾ എതിരായിട്ടാണ് നിൽക്കുന്നത്. ഈ യാഥാർത്ഥ്യം അംഗീകരിക്കുക എന്നത് കേരളത്തിലെ വിമർശനാത്മക സാംസ്കാരിക പഠനങ്ങളെയും വിമോചനപരമായ രാഷ്ട്രീയപ്രയോഗങ്ങളെയും സംബന്ധിച്ച അടിസ്ഥാനപ്രാധാന്യമുള്ള കാര്യമാണ്.

ഉത്തരകേരളത്തിൽ ബാസൽമിഷന്റെ പ്രവർത്തനഫലമായി മരത്തൻ എന്ന ഒരു ദളിത് യുവാവ് യേശുദാസൻ എന്ന സെഷൻസ് ജഡ്ജിയായി മാറുന്ന കഥ പറയുന്ന നോവലാണ് പോത്തേരി കുഞ്ഞമ്പുവിന്റെ 'സരസ്വതീവിജയം'. ഇതൊരു മിഷൻ നോവലല്ലെങ്കിലും മിഷനെക്കുറിച്ചുള്ള നോവലാണ്. വിദ്യാധനം സർവധനാൽ പ്രധാനം എന്നാണ് ഇതിന്റെ ആദർശവാക്യം. ഇംഗ്ലീഷ് വിദ്യാഭ്യാസമാണ് സാമൂഹ്യമായ ചലനക്ഷമത കൈവരിക്കാനുള്ള മാർഗം എന്ന വാദമാണ് ഈ നോവൽ മുന്നോട്ടുവെയ്ക്കുന്നത്.ഒരു കീർത്തനം ആലപിച്ച കുറ്റത്തിന് ഒരു ബ്രാഹ്മണന്റെ നിർദ്ദേശപ്രകാരം മർദ്ദിച്ച മൃതപ്രായനാക്കപ്പെട്ട മരത്തൻ എന്ന ദളിത് യുവാവ് ഗ്രാമം വിട്ടോടി. ഒരു അജ്ഞാതജഡം മരത്തന്റേതാണെന്ന് ഒരു മുസ്ലീം തെറ്റായി തിരിച്ചറിഞ്ഞതിനെത്തുടർന്ന് ബ്രാഹ്മണൻ തടവിലായി. കൊല്ലപ്പെട്ട മരത്തൻ വർഷങ്ങൾക്കുശേഷം

യേശുദാസൻ എന്ന സെഷൻസ് ജഡ്ജിയായി സ്വന്തം നാട്ടിൽ ചാർജെടുക്കുന്നു. മരത്തനെ കൊന്ന കുറ്റത്തിന് ബ്രാഹ്മണൻ വിചാരണ നേരിടുന്നത് യേശുദാസന്റെ കോർട്ടിലാണ്. കോടതി അയാളെ വെറുതെ വിടുന്നു. അയാൾ ക്രിസ്തുമതം സ്വീകരിച്ച ഭാര്യക്കും മകൾക്കുമൊപ്പം പോകുന്നു. അയാളുടെ മകൾ സരസ്വതിയെ യേശുദാസൻ വിവാഹം കഴിക്കുന്നു. നോവൽ ശുഭമായി അവസാനിക്കുന്നു.

നോവൽരചനയ്ക്കുതകുന്ന നിർമാണവസ്തുക്കളായി ജാതിബന്ധങ്ങളെയും ജാതി സംഘർഷങ്ങളെയും കുഞ്ഞമ്പു മനപ്പൂർവ്വം അംഗീകരിക്കുന്നുണ്ട്. എന്നാൽ, ഒന്നുകിൽ ഒത്തുതീർപ്പിന്നോ അല്ലെങ്കിൽ ഒഴിഞ്ഞുമാറലിനോ വേണ്ടിയാണ് അദ്ദേഹം ജാതിസംഘർഷം നോവലിൽ അനുവദിക്കുന്നത്. ഒരു ബ്രാഹ്മണയുവതിയും ദളിത് യുവാവും തമ്മിലുള്ള പുരോഗമനപരമായ പ്രതിലോമബന്ധം എന്ന തന്ത്രം കണ്ടുപിടിച്ചുകൊണ്ടാണ് ജാതിയുടെ സാമൂഹ്യവൈരുദ്ധ്യം സാഹിത്യപരമായി പരിഹരിക്കുന്നത്. ആദ്യം സാഹിത്യത്തിൽ നിന്നും പിന്നീട് സാമൂഹ്യപ്രയോഗത്തിൽ നിന്നും സംബന്ധം എന്ന ആചാരം അപ്രത്യക്ഷമായതിനെ തുടർന്നാണ് ഇത്തരമൊരു ആദർശവൽകൃത ജാതിസങ്കരം മലയാളസാഹിത്യത്തിൽ പ്രത്യക്ഷപ്പെട്ടത്. ദളിതനുമായുള്ള വിവാഹത്തിനുമുമ്പ് ഒരു മാന്ത്രികമായ കയ്യടക്കം വഴി ബ്രാഹ്മണസ്ത്രീയുടെ ബ്രാഹ്മണത്വം തുടച്ചുകളഞ്ഞുകൊണ്ടാണ് വിധ്വംസകമെന്നു തോന്നുന്ന എന്നാൽ സമാധാനപരമായ ഈ ജാതിക്കലർപ്പ് സാക്ഷാത്കരിക്കുന്നത്. ബ്രാഹ്മണത്വം നഷ്ടപ്പെട്ട ബ്രാഹ്മണസ്ത്രീ അടിമവ്യവസ്ഥയിൽ വെറും ജംഗമവസ്തുവായ ദലിതന് തത്തുല്യമായ സാധനമായി മാറുന്നു.

സാമൂഹ്യമായി അസാധ്യമായ കാര്യങ്ങൾക്കു പരിഹാരം തേടി മിശ്രവിവാഹം എന്ന ഉപായത്തിലേക്ക് തിരിയുന്ന പ്രവണത കുമാരനാശാന്റെ ദുരവസ്ഥ (1922) എന്ന കവിതാഖ്യാനത്തിൽ ആവർത്തിക്കുന്നുണ്ട്. 1921-ലെ മലബാർ കലാപത്തിന്റെ അതിക്രമങ്ങൾക്കെതിരെ രോഷം പ്രകടിപ്പിക്കാനാണ് ആശാൻ ഇതെഴുതിയത്. കലാപത്തിന്റെ ഇരയായ സാവിത്രി എന്ന ബ്രാഹ്മണപെൺകുട്ടി സാഹചര്യങ്ങളുടെ സമ്മർദ്ദം മൂലം ചാത്തൻ എന്ന ദളിത് യുവാവിന്റെ കുടിലിൽ അഭയം തേടുന്നു. ഇതിന്റെ ഫലമായി ജാതി നഷ്ടപ്പെട്ട സാവിത്രി ചാത്തന്റെ ആത്മാവ് നിറയെ ഹിന്ദു പുരാണകഥകൾ നിക്ഷേപിച്ച ശേഷം അവനെ വിവാഹം കഴിക്കുന്നു. പ്രൊട്ടസ്റ്റന്റ് ക്രിസ്തുമതത്തിന്റെ പുരോഗമന ചുറ്റുപാടുകളിൽ ആണ് സരസ്വതീവിജയത്തിൽ ജാതിസങ്കരം നടക്കുന്നത്. ഹിന്ദുദേശീയതയുടെ പശ്ചാത്തലത്തിലാണ് ദുരവസ്ഥയിൽ ഇത്

സംഭവിക്കുന്നത്. വിശദാംശത്തിലെ ഈ വ്യത്യാസമൊഴിച്ചാൽ ഹിന്ദുമതത്തിനും രാഷ്ട്രത്തിനും ഭീഷണിയായ മുസ്ലീങ്ങളെ നോവലും കവിതയും ഒരുപോലെ ഉന്നം വെയ്ക്കുന്നുണ്ട്. നോവലിലെ ബ്രാഹ്മണന്റെ വാക്കുകൾ ഇത് ശരിവെക്കുന്നുണ്ട്. ഈ കള്ളമാപ്പിളകൾ ആരാണ്? ഈ മൊട്ടത്തലയൻമാർ ഈ നാട്ടിൽ വന്നതോടെ ധർമ്മം പമ്പകടന്നു (ഇരുമ്പയം1985:65).മതത്തെയും രാഷ്ട്രത്തെയും രക്ഷിക്കാൻ കൂടുതൽ പ്രബലരാകുവാൻ ബ്രാഹ്മണരെ ആഹ്വാനം ചെയ്തുകൊണ്ടാണ് ദുരവസ്ഥ അവസാനിക്കുന്നത്.

തകഴിയുടെ രണ്ട് നോവലുകൾ-തോട്ടിയുടെ മകൻ (1947) രണ്ടിടങ്ങഴി (1948) ദളിതരെ സംബന്ധിച്ച് നോവൽസാഹിത്യം പുലർത്തിയ ദീർഘമൗനം ഭഞ്ജിച്ചു. ഈ നോവലുകൾ യഥാക്രമം പുന്നപ്ര-വയലാർ സമരത്തിനും ഇന്ത്യൻ സ്വാതന്ത്ര്യത്തിനും ശേഷമാണ് പ്രസിദ്ധീകരിച്ചത്. നാല്പതുകളിലും അൻപതുകളിലും തകഴിയെപ്പോലെ ദളിതരല്ലാത്ത എഴുത്തുകാർ ദളിത്ജീവിതത്തെ അപൂർവ്വമായ തന്മയീഭാവത്തോടും ആധികാരികതയോടും കൂടി അവതരിപ്പിച്ചിരുന്നതിനാലാണ് മലയാളത്തിൽ ദലിത്കഥാസാഹിത്യത്തിന്റെ വ്യതിരിക്തമായ ഒരു വിഭാഗം ഇപ്പോഴും ഉണ്ടാകാത്തതിന്റെ മുഖ്യ കാരണം എന്നാണ് മലയാളപുരോഗമനസാഹിത്യചരിത്രത്തിലെ രണ്ട് പ്രധാന സംഭവങ്ങൾ ആയ ഈ നോവലുകളെ വിലയിരുത്തിക്കൊണ്ട് കെ സച്ചിദാനന്ദൻ പറഞ്ഞത് (1999:11-18).

അധീശത്വവുമായി ബന്ധമില്ലാത്ത പദങ്ങളല്ല തന്മയീഭാവവും ആധികാരികതയും. രണ്ടിടങ്ങഴി തന്നെ ഉദാഹരണം. തകഴി,സത്യത്തിൽ,രണ്ടു കഥകളെഴുതി അവ ഒന്നാക്കി തുന്നിച്ചേർത്തിരിക്കുകയാണ്. എന്നാൽ പരസ്പരവിരുദ്ധമായ ഈ രണ്ടു കഥകളെയും വെളിപ്പെടുത്തിക്കൊണ്ട് തുന്നൽ പലയിടങ്ങളിലും കീറിപ്പൊളിഞ്ഞിട്ടുണ്ട്. ദളിതരുടെ തൊഴിലാളിവൽക്കരണത്തിലേക്ക് നയിച്ച ഉണർവിന്റെ കഥയാണ് ഒന്നാമത്തേത്. പണ്ട് യജമാനന്മാരും അടിമകളും തമ്മിൽ നിലനിന്നിരുന്നെന്നുപറയുന്ന ഗ്രാമ്യമായ സൗഹൃദബന്ധത്തിന്റെ ഗൃഹാതുരത്വം തുളുമ്പുന്ന വിവരണമാണ് രണ്ടാമത്തെ കഥ. തകഴി നോവൽ സമർപ്പിച്ചിരിക്കുന്നത് തന്റെ പിതാവിന്റെ വിശ്വസ്തസേവകനായ മടിയേത്ര കുഞ്ഞേപ്പന്റെ പേരിലാണ്. കൂടാതെ കുഞ്ഞേപ്പന് ആദരാഞ്ജലി അർപ്പിക്കുന്ന ഒരു മുഖവുര കൂടി ചേർത്തിട്ടുണ്ട്.

ബുദ്ധിമുട്ടിന്റെ നേരങ്ങളിൽ ദളിതരെ നിസ്സഹായരാക്കി കയ്യൊഴിയുന്ന പുതിയ മുതലാളിത്തരീതിയിലെ കരാറിന്റെയും പണത്തിന്റെയും ദയാരഹിതബന്ധങ്ങളുടെ സ്ഥാനത്ത്, പഴയ അടിമത്ത ഉല്പാദനരീതിയിലെ

കർഷകവൃത്തിക്കുചുറ്റം സംഘടിക്കപ്പെട്ട സാമ്പ്രദായിക അടിമ-ഉടമ വിനിമയബന്ധങ്ങളെ അനുസ്മരിച്ചുകൊണ്ടാണ് രണ്ടിടങ്ങഴി ഏഴാംഅദ്ധ്യായം അവസാനിക്കുന്നത്.വിശ്വസ്ത ഭൃത്യന്റെ ജഡം മറവുചെയ്തപ്പോൾ മൂത്തതമ്പുരാൻ വിതുമ്പിയത് കോരൻ ഓർക്കുന്നു. പണ്ടുകാലങ്ങളിൽ കുട്ടനാടൻ കർഷകനും അയാളുടെ പുലയരും തമ്മിൽ അവർ ഒരു കൂട്ടുകുടുംബത്തിൽപ്പെട്ടവരെപ്പോലെ സൗഹാർദ്ദമായ ഒരു ബന്ധം നിലനിന്നിരുന്ന കാര്യം ആഖ്യാതാവ് ഈ സന്ദർഭത്തിൽ കൂട്ടിച്ചേർക്കുന്നു. എന്നാൽ, ആത്മാർത്ഥമായ ഈ ബന്ധം തകർത്തത് അത്യാഗ്രഹികളായ (അവർ ക്രിസ്ത്യാനികളാണ് ) ഒരു കൂട്ടം പുതിയ കർഷകരാണെന്ന് ഈ നോവൽ വാദിക്കുന്നതുപോലെ തോന്നുന്നു. അടിമത്തതിന്റെ ചരിത്രം, പക്ഷേ,ഇത്തരമൊരു സൗഹാർദ്ദബന്ധത്തെ സാക്ഷ്യപ്പെടുത്തുന്നില്ല.

സൂക്ഷ്മമായി വിശകലനം ചെയ്താൽ, ദ സ്ലെയർ സ്ലെയ്ൻ നോവലിലെപ്പോലെ, രണ്ടിടങ്ങഴിയിലെ ദളിത് കഥയും ചിട്ടപ്പെടുത്തിയിരിക്കുന്നത് ദയവുള്ള/ക്രൂരമായ എന്ന ദ്വന്ദത്തിൽ ഉറപ്പിച്ച അർദ്ധകുടുംബബന്ധങ്ങളുടെ ഒരു ചട്ടക്കൂടിലാണ്. മുൻവാക്യത്തിലെ ദ്വന്ദ്വത്തിന് നോവലിലെ നായർ/ക്രിസ്ത്യൻ വിഭജനവുമായി ഓവർലാപ് ചെയ്യാനുള്ള പ്രവണതയുണ്ട്. പ്രധാനമായും ക്രിസ്ത്യാനികൾ, മുസ്ലീങ്ങൾ, ഈഴവർ എന്നീ സമുദായങ്ങളുടെ സഖ്യമായ ജോയിന്റ് പൊളിറ്റിക്കൽ കോൺഗ്രസ് നയിച്ച വിജയകരമായ പ്രചാരണപരിപാടികളെ തുടർന്ന് തിരുവിതാംകൂറിൽ രാഷ്ട്രീയാധികാരത്തിനുവേണ്ടി നടന്ന പിടിവലിക്കു മാത്രമേ നോവലിലെ ക്രിസ്ത്യാനികളുടെ അസുരവൽക്കരണവും ദളിത് തൊഴിലാളികളോടുള്ള പക്ഷപാതവും വിശദീകരിക്കാൻ കഴിയൂ.പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചത് നായന്മാർക്ക് ഭീഷണിയായി.മുൻപ്, ഭൂവുടമസ്ഥത ആയിരുന്നു വോട്ടവകാശത്തിന്റെ മാനദണ്ഡം. നോവലിന്റെ പതിനൊന്നാം അദ്ധ്യായത്തിൽ ദളിത് ആത്മാവുകൾ/വോട്ടുകൾ നേടാൻ മത്സരിക്കുന്ന ഹിന്ദുസന്യാസിമാരെയും കത്തോലിക്കാ മതപ്രചാരകരെയും കാണാം. അതുവരെ രാജാപക്ഷക്കാരായിരുന്ന നായന്മാർ പുരോഗമനപരമായ ഒരു തിരിവെടുത്തു. തോപ്പിൽ ഭാസിയുടെ നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി (1952) എന്ന നാടകം നായന്മാരുടെ പെട്ടെന്നുള്ള ഈ തിരിച്ചിലിന്റെ നാടകാവിഷ്കാരമാണ്.പരമുപിള്ളയും കേശവൻനായരും എത്ര പെട്ടെന്നാണ് കമ്മ്യൂണിസ്റ്റായത്!

ദളിത് പ്രശ്നത്തെ പ്രതിപാദിക്കുന്ന കാര്യത്തിൽ മുൻഗാമികളായ കുഞ്ചമ്പുവും കുമാരനാശാനും ചെയ്തതുപോലെ സാമൂഹ്യമായി അസാധ്യമായ ജാതി

ഉദ്ഗ്രഥനത്തിന്റെ പ്രശ്നം പരിഹരിക്കാനുള്ള ശ്രമമൊന്നും തകഴി രണ്ടിടങ്ങഴിയിൽ നടത്തുന്നില്ല. നേരെമറിച്ച്, ജാതിയുടെ കാര്യത്തിൽ ഒരു ഒഴിഞ്ഞുമാറൽ ഉണ്ടുതാനും. മൂന്ന് തന്ത്രങ്ങൾ വിന്യസിച്ചുകൊണ്ടാണ് തകഴി ഈ ഒഴിഞ്ഞുമാറലിനെ അദൃശ്യമാക്കുന്നത്.ഒന്നാമതായി കുട്ടനാടൻ കർഷകനും അയാളുടെ അടിമയും തമ്മിലുള്ള ഗ്രാമ്യസൗഹൃദബന്ധത്തിന്റെ ഗൃഹാതുരവിവരണം. രണ്ടാമതായി, നോവലിലെ സംഘർഷം കേന്ദ്രീകരിച്ചിരിക്കുന്നത് ജാതിയേക്കാൾ വർഗ്ഗത്തിന്റെ തലത്തിലാണ്.. മൂന്നാമതായി, കൃഷിഭൂമി കർഷകന് എന്ന ഒരു ജാതിനിഷ്പക്ഷ മുദ്രാവാക്യത്തോടുകൂടിയാണ് നോവൽ അവസാനിക്കുന്നത്.

സരസ്വതീവിജയവും ദുരവസ്ഥയും പ്രക്ഷേപണം ചെയ്ത സാമൂഹ്യമായി അസാധ്യമായ ഉദ്ഗ്രഥനമാതൃകയുടെ സ്ഥാനത്ത്, ജാതിപ്രശ്നത്തെ അഭിസംബോധന ചെയ്യാത്തതും കൂടുതൽ പ്രയോഗികവും സ്വീകാര്യവും ആയ രാഷ്ട്രീയോദ്ഗ്രഥനമാതൃകയാണ് രണ്ടിടങ്ങഴി അവതരിപ്പിച്ചത്. ജാതി അപമാനം നിലനിൽക്കെതന്നെ, ദളിതൻ കർഷകത്തൊഴിലാളിയായി പുനർനിർവചിക്കപ്പെട്ടു. കൃഷിഭൂമിക്കുവേണ്ടിയുള്ള അവന്റെ ആഗ്രഹം അതോടെ അടിച്ചമർത്തപ്പെട്ടു. ദളിതരുടെ തൊഴിലാളിവർഗ്ഗവൽക്കരണം അവരെ പുരോഗമന ബൂർഷ്വാ വിഭാഗത്തിന്റെ അധീനതയിലാക്കി.ഈ കീഴ്പ്പെടുത്തൽ എളുപ്പമാക്കികൊണ്ട് നാൽപ്പതുകളുടെ അന്ത്യത്തിൽ അയ്യങ്കാളിയും പൊയ്കയിൽ യോഹന്നാനും പാമ്പാടി ജോൺ ജോസഫും മരണമടയുകയും ദളിത് സാമൂഹ്യസംഘടനകളുടെ ശക്തി ക്ഷയിക്കുകയും ചെയ്തു. അങ്ങനെ, പുരോഗമന രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽ ദളിതർ കൂട്ടിച്ചേർക്കപ്പെട്ടതോടൊപ്പം അവർ വിധേയരാക്കപ്പെടുകയും ചെയ്തു.ദളിതർ സ്വയംപ്രതിനിധാനത്തിനുള്ള ശേഷി നേടുന്നതിനു മുമ്പാണിത് സംഭവിച്ചത്.അതിന്റെ ഫലമായി അവർ മറ്റുള്ളവരാൽ പ്രതിനിധാനം ചെയ്യപ്പെട്ടു.അവരെ ഇങ്ങനെ പ്രതിനിധാനം ചെയ്യുന്ന മറ്റുള്ളവർ അവർക്ക് മുൻപിൽ ഒരേ സമയം യജമാനനും അധികാരിയും ആയിട്ടാണ് പ്രത്യക്ഷപ്പെടുന്നത് (മാർക്സ് & എംഗൽസ് 1977:478-9)

മതത്തെയും രാഷ്ട്രത്തെയും രക്ഷിക്കാൻ കൂടുതൽ പ്രബലരാകാൻ ഉയർന്നജാതികളെ ആഹ്വാനം ചെയ്യുന്ന ദുരവസ്ഥയിൽ, അപരർക്കെതിരെ ഉയർത്തിപ്പിടിക്കുന്ന ഒരു പ്രത്യേകതരം ദേശീയജനതയുടെ ഭാഗമായിട്ടാണ് കുമാരനാശാൻ ദളിതരെ വിളിച്ചുണർത്തുന്നത്. ഇത് കടുത്ത ദേശീയവാദവുമായുള്ള താദാത്മ്യത്തിലേയ്ക്കാണ് നയിക്കുക. നേരേ മറിച്ച് തകഴിയും തോപ്പിൽഭാസിയും പുരോഗമനപരമായ പ്രവണതകളിലേക്ക് അനായാസം

നീങ്ങാൻ സാധ്യതയുള്ള ഒരു രാഷ്ട്രീയപദ്ധതിയിലാണ് സമൂഹത്തിൽ നില നിൽക്കുന്ന മർദ്ദനത്തിന് തെളിവെന്ന നിലയിൽ ദളിതരെ കൂട്ടിച്ചേർക്കുന്നത്. എന്നാലും ഈ പുരോഗമനകൃതികൾ മുന്നോട്ടുവയ്ക്കുന്ന ഉദ്ഗ്രഥനത്തിന്റെ പ്രതിഛായകൾ അധികാരശ്രേണിയുടെ സവർണ്ണവീക്ഷണം കൊണ്ട് വില ക്ഷണപ്പെട്ടിരിക്കുന്നു.

ആധുനികയൂറോപ്പിലെ മുതലാളിത്ത ബൂർഷ്വാസിയിൽ നിന്ന് വ്യത്യസ്ത മായി സാമ്പ്രദായികരീതികളോട് മമത പുലർത്തുന്ന കാർഷികബൂർഷ്വാസി യാണ് മലയാളി ജ്ഞാനോദയത്തിൽ കേരളചരിത്രത്തിന്റെ പുരോഗമന കർത്താവായി സ്വയം നിയമിച്ചത്. പരമ്പരാഗത ധർമ്മവ്യവസ്ഥയിൽ സമത/ തുല്യത അല്ല മുഖ്യം, അർഹതയാണ്. ജന്മം കൊണ്ടും ജാതി കൊണ്ടും നിർണ യിക്കപ്പെടുന്നതാണ് അർഹത.

ദളിത് യുവതികൾ നായികമാരായ ഉദ്ഗ്രഥനാത്മകനോവലുകളിൽ നീലക്കുയിൽ സിനിമയിലെ നായികയെപ്പോലെ അവൾ ഒന്നുകിൽ ഹൃദയം തകർന്ന് മരിക്കും. അല്ലെങ്കിൽ നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി നാടകത്തിലെ മാലയെപ്പോലെ തകർന്ന ഹൃദയവുമായി ജീവിക്കും. ജാതി നിർണയവാദം സവർണ നായകൻമാരുടെയും അവരുടെ സ്വജാതി വധുക്കളുടെയും വഴിയിലെ തടസ്സങ്ങൾ നീക്കി അവരെ സന്തോഷകരമായ ഭാവിയിലേക്ക് നയിക്കും. സവർണ സ്ത്രീകൾ നായികമാരായ സരസ്വതീവിജയം, ദുരവസ്ഥ പോലുള്ള കൃതികളിൽ നായിക ദളിത് യുവാവിനു മേൽ വിജയം നേടുകയും അയാളെ അതിലംഘിക്കുകയും അയാളുടെ മേൽ രക്ഷാധികാരിത്വം സ്ഥാ പിക്കുകയും ചെയ്യുന്ന ഉദ്ഗ്രഥനസാഹിത്യത്തിന്റെ മറ്റൊരു മാതൃകയുണ്ട്. സവർണസ്ത്രീയുടെ ചാരിതാർത്ഥ്യവും അവളുടെ വശ്യതയുടെ വിജയവുമാണ് ഇത്തരം ശുഭപര്യവസാനരചനകളുടെ സാധാരണ ചേരുവകൾ.

സവർണസ്ത്രീയുടെ വശീകരണത്തെ വെവ്വേറെ അംഗീകരിക്കുകയും നിരാകരിക്കുകയും ചെയ്തു കൊണ്ട് സാറാ തോമസിന്റെ ദൈവമക്കൾ ദളിത് ഉദ്ഗ്രഥനത്തിന്റെ ശുഭപര്യവസാന മാതൃകയിൽ നിന്ന് വ്യതിചലിക്കുന്നുണ്ട്. കേരളത്തിലെ ആദ്യത്തെ മന്ത്രിസഭയെ താഴെയിറക്കിയ വിമോചനസമര ത്തിന്റെ പശ്ചാത്തലത്തിലാണ് ദൈവമക്കൾ അതിന്റെ കഥ സജ്ജീകരിച്ചി രിക്കുന്നത്. അറുപതുകളിൽ കഥ അവസാനിക്കുന്നതായിട്ടാണ് മുഖവുരയിൽ നോവലിസ്റ്റ് പ്രസ്താവിക്കുന്നത്. മെഡിക്കൽ കോളേജിന്റെ ശത്രുതാപരമായ സ്വഭാവങ്ങളോട് നാല് ദളിത് വിദ്യാർത്ഥികൾ നടത്തുന്ന വ്യത്യസ്തമായ പ്രതി കരണങ്ങളുടെ കഥയാണ് ഈ നോവൽ പറയുന്നത്. നിന്ദയും പരിഹാസവും

താങ്ങാനാവാതെ കുട്ടപ്പൻ ഹോസ്റ്റൽ മുറിയിൽ ആത്മഹത്യ ചെയ്തു. കമ്യൂണിസ്റ്റ്പാർട്ടിയിൽ ചേരാൻവേണ്ടി പഠനം ഉപേക്ഷിച്ച ഈച്ചരനെ വിമോചന സമരത്തിന്റെ ഗുണ്ടകൾ കൊലപ്പെടുത്തി. കുഞ്ഞപ്പി, സേതുമാധവൻ എന്നു പേരു മാറ്റി ഒരു ദരിദ്രയായ നായർപെൺകുട്ടിയെ വിവാഹം ചെയ്ത് ശിഷ്ടകാലം കഴിച്ചു. പഠനത്തിൽ തല്പരനും സമർത്ഥനുമായ കുഞ്ഞിക്കണ്ണൻ സഹപാഠിയായ സാവിത്രി എന്ന നായർ പെൺകുട്ടിയുടെ പ്രണയം നിരസിക്കുകയും തന്റെ സഖാവായ ഈച്ചരൻ പൂർത്തിയാക്കാതെ പോയ ദൗത്യം ഏറ്റെടുക്കാൻ വേണ്ടി മെഡിക്കൽ പ്രൊഫഷൻ ഉപേക്ഷിക്കുകയും ചെയ്യുന്നു.

മുൻഗാമികളെപ്പോലെ തന്നെ, സാറാ തോമസും നോവലിന്റെ ആഖ്യാനം ഒരു ഉദ്ഗ്രഥനാത്മക ചട്ടക്കൂടിലാണ് ക്രമപ്പെടുത്തിയിരിക്കുന്നത്. എന്നാൽ മുൻഗാമികളിൽ നിന്ന് വ്യത്യസ്തമായി ഉദ്ഗ്രഥനത്തിന്റെ പരിമിതികളെക്കുറിച്ച് അവർ ബോധവതിയാണെന്നു തോന്നുന്നു. ലിബറൽ പ്രൊട്ടസ്റ്റാന്റിസം, ഗാന്ധിയൻ ദേശീയത, മാർക്സിസം തുടങ്ങി ഉദ്ഗ്രഥനത്തിന്റെ നിലവിലുള്ള മൂന്നു മാതൃകകളെയും ഭാഷകളെയും കടുത്ത ചോദ്യം ചെയ്യലിനു വിധേയമാക്കുന്ന ഒരു പദ്ധതി ഈ നോവലിനുള്ളതു പോലെ തോന്നുന്നു. ഒരു തലത്തിൽ, കുഞ്ഞിക്കണ്ണന്റെ ജനനം മുതൽ പക്വത പ്രാപിക്കുംവരെയുള്ള വികാസം രേഖപ്പെടുത്തുന്ന ഒരു ബിൽഡുങ്സ് റൊമാൻ/നോവൽ ഓഫ് എജ്യൂക്കേഷൻ ആയി ഇതിനെ വായിക്കാം. കുഞ്ഞിക്കണ്ണന്റെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ, ഉദ്ഗ്രഥനത്തെക്കുറിച്ചുള്ള വ്യത്യസ്ത വീക്ഷണങ്ങൾ ഈ നോവൽ അവതരിപ്പിക്കുന്നുണ്ട്. തുടക്കത്തിൽത്തന്നെ ,ഉദ്ഗ്രഥനത്തിന്റെ രണ്ട് മാതൃകകൾ അനാവരണം ചെയ്യുന്നു. അദ്ധ്യാപകരായ സഖറിയായും രാമകൃഷ്ണപിള്ളയും യഥാക്രമം പ്രൊട്ടസ്റ്റന്റ്, ഗാന്ധിയൻ മാതൃകകളെയാണ് പ്രതിനിധാനം ചെയ്യുന്നത്. വ്യക്തികൾ എന്ന നിലയിൽ രണ്ടു പേരും ദയാലുക്കളും ഉദാരമതികളുമാണ്. എന്നാൽ, വീട്ടിൽ അവർ ജാതിവിവേചനം അനുവദിക്കുന്നു. സഖറിയായുടെ ഭാര്യ കുഞ്ഞിക്കണ്ണന് ഭക്ഷണമേശയിൽ ആഹാരം നൽകുകയില്ല. രാമകൃഷ്ണപിള്ളയുടെ മകനും കുഞ്ഞിക്കണ്ണന്റെ ക്ലാസ്മേറ്റുമായ ബാലു ഗാന്ധിയനായ പിതാവിന്റെ പിറന്നാൾ സദ്യയ്ക്ക് കുഞ്ഞിക്കണ്ണനൊപ്പം പന്തിയിലിരിക്കാൻ വിസമ്മതിക്കുന്നു. എലിസബത്ത് ജീൻ സബിസ്റ്റൻ പറയും പോലെ, ഹീനമായ ഒരു വ്യവസ്ഥയെ എതിരിടാൻ വ്യക്തിപരമായ അനുകമ്പ അപര്യാപ്തമാണ് (പ്ലാസ & റാഡിങ് 1994: 105).

ഫൂക്കോ പേരെന്റൽ കോംപ്ലെക്സ് എന്നു വിളിക്കുന്ന ഒരേതരം അനുമാനങ്ങളുടെ സമുച്ചയത്തിനു ചുറ്റും സംഘടിപ്പിച്ചിട്ടുള്ളതാണ്

മിഷനറിമനോഭാവവും അസ്പൃശ്യരോടുള്ള ഗാന്ധിയൻ സമീപനവും.

ദൈവമക്കൾ എന്ന തലക്കെട്ട് ഹരിജനങ്ങൾ എന്ന ഗാന്ധിയൻപദത്തിന്റെ മലയാള വിവർത്തനമാണ്. എല്ലാ മേൽജാതിക്കാരെയും പോലെ ഗാന്ധിയും ദളിതരെ നിത്യശിശുക്കളായിട്ടാണ് പരിഗണിച്ചത്. അതുകൊണ്ട്, ഒരു മുതിർന്ന വ്യക്തിയുടെ മൂർത്തരൂപമായ ഒരു സവർണ്ണന്റെ അധികാരത്തിന് അവരെ ഏല്പിക്കേണ്ടതുണ്ട്. ദൈവമക്കളിൽ കുഞ്ഞിക്കണ്ണന്റെ കാര്യത്തിൽ മുതിർന്നവരുടെ ഭാഗം വഹിക്കുന്നത് സഖറിയായും രാമകൃഷ്ണപിള്ളയുമാണ്. സവർണ്ണരുടെ ലോകത്തോട് ഒട്ടിച്ചുവച്ച് നിതാന്തമായ ബാലാവസ്ഥ അനുഭവിക്കുകയാണ് ദളിതർ ചെയ്യേണ്ടത്.ഈ പിതൃഭാവമേധാവിത്വത്തിന് എതിരായിട്ടാണ് സമത, ജനത, പ്രബുദ്ധത എന്നീ പദങ്ങൾ അംബേദ്കർ വിന്യസിച്ചത്. ദളിതർ പൗരാവകാശങ്ങൾ ഉള്ള ഒരു ജനതയാണ്. അവർ അവശതകൾ അനുഭവിക്കേണ്ട ജാതികളല്ല. ഒരു രാഷ്ട്രം കെട്ടിപ്പടുക്കേണ്ടത് ജനങ്ങളാണ്, ജാതികളല്ല. സമത/തുല്യത അനുഭവിക്കുന്ന ജനങ്ങളുടെ രാഷ്ട്രം ആയിരിക്കണം പ്രബുദ്ധഭാരതം.

സമത്വം വെറുമൊരു സങ്കല്പമാകാം, എന്നാലും നമ്മുടെ അടിസ്ഥാന പ്രമാണമായി നാം അതിനെ അംഗീകരിക്കണം എന്നാണ് അംബേദ്കർ അഭിപ്രായപ്പെട്ടത് (1987: 49). സമത്വം ഇല്ലാത്ത ഉദ്ഗ്രഥനം നിലവിലുള്ള ജാതിചിന്തകളെ ബലപ്പെടുത്തുകയും ആധിപത്യത്തിലേക്ക് നയിക്കുകയും ചെയ്യും. മനുഷ്യാന്തസ്സ് എന്ന ആശയത്തിൽനിന്ന് സമത്വത്തെ വേർപെടുത്താനാവില്ല. മനുഷ്യനെ പ്രചോദിപ്പിക്കുന്ന ഒരേയൊരു ചിന്ത സാമ്പത്തികതാല്പര്യം അല്ലെന്നാണ് അംബേദ്കർ വിശ്വസിച്ചത് (32). വിപ്ലവത്തിന്റെ കാതൽ അപ്പത്തിനുവേണ്ടിയുള്ള സമരമല്ല, മനുഷ്യാന്തസ്സിനുവേണ്ടിയുള്ള പോരാട്ടമാണെന്ന അഡോൾഫോ ഗിലിയുടെ വാക്കുകൾ (ഫാനൻ1989:26) ഇതിനോട് ചേർത്തുവായിക്കാവുന്നതാണ്.

ദൈവമക്കൾ ചർച്ചചെയ്യുന്ന ഉദ്ഗ്രഥനത്തിന്റെ മൂന്നാമത്തെ മാതൃക ഇടതുപക്ഷമാണ്. അപ്രധാനമായ അടിമത്ത ഉത്പാദനരീതിയിൽ ദളിതർക്കായി നീക്കിവെച്ച കാർഷിക തൊഴിലിടത്തിനു ചുറ്റും പൂർണമായും സംഭവിക്കുന്ന ഒരു കാര്യമായിട്ടാണ് കേരളത്തിലെ ഇടതുപക്ഷം ദളിത്പ്രശ്നത്തെ നോക്കിക്കാണുന്നത്. രണ്ടിടങ്ങഴിയിലെപ്പോലെ, കർഷകത്തൊഴിലാളികളുടെ ട്രെയ്ഡ് യൂണിയൻ പ്രശ്നമായി അവർ ഇതിനെ ലഘൂകരിക്കുന്നു. ദളിതരോട് മറ്റു പിന്നോക്കർ മുതൽ മേലോട്ടുള്ള ജാതികൾ പുലർത്തുന്ന വിവേചനപരമായ മനോഭാവങ്ങളും അവഹേളനപരമായ പെരുമാറ്റങ്ങളും

വിശദീകരിക്കാൻ ഈ വർഗമാതൃക പൂർണമായും പരാജയപ്പെടുന്നു.

ദൈവമക്കളിൽ ജോർജ് എന്ന സവർണ ക്രിസ്ത്യൻ വിദ്യാർത്ഥിക്ക് കുഞ്ഞിക്കണ്ണൻ അയാളുടെ കിടക്കയിൽ ഇരുന്നത് ഇഷ്ടമായില്ല. തന്റെ അനിഷ്ടം കുഞ്ഞിക്കണ്ണന് മനസ്സിലാകുന്ന മട്ടിൽ ജോർജ് അയാളുടെ കിട ക്കവിരി ദേഷ്യത്തിൽ വലിച്ചു മാറ്റി. മറ്റേതൊരു മലയാളനോവലിനെക്കാളും മെച്ചമായി സമകാലികകേരളത്തിലെ ദളിത് അനുഭവത്തിന്റെ സവിശേഷത അഭിസംബോധന ചെയ്യാൻ ദൈവമക്കൾ ശ്രമിക്കുന്നുണ്ട്. വ്യക്തിത്വത്തി ന്റെയും അന്തസ്സിന്റെയും കാര്യത്തിൽ അഭിമാനകരമായ ഒരു ബോധം കൈവരിക്കുന്നതിൽ നിന്ന് ദളിതരെ തടയുന്ന ഒരു പുരോഗമനസമൂഹത്തി ന്റെ ജാതീയതയെ ഈ നോവൽ തുറന്നു കാട്ടുന്നു. ജാതിയെ പരസ്യമായി തള്ളിപ്പറയുകയും സ്വകാര്യമായി ആചരിക്കുകയും ചെയ്യുന്ന കപടമായ ഒരു ദ്വിഭാവനയമാണ് കേരളത്തിലെ ഇടതുപക്ഷം സ്ഥിരതയോടെ പിന്തുട രുന്നത്. ഇതിന്റെ ഫലമായി ദളിത് സഖാവിനേക്കാൾ ഓബിസി സഖാവും ഓബിസി സഖാവിനേക്കാൾ സവർണസഖാവും സ്വാഭാവികമായും കൂടുതൽ തുല്യരാണെന്നു വരുന്നു.

വിപ്ലവകരമായ സാമൂഹ്യമാറ്റങ്ങൾ (അവ വളരെ സാവധാനവും വൈകിയും ദുർബ്ബലമായും ആണ് ദളിതരിലേക്കെത്തുന്നത്) ഉണ്ടായെങ്കി ലും കേരളം ഇപ്പോഴും ഒരു ജാതിസമൂഹമാണ്. എന്നാൽ, കേരളത്തിന്റെ പുരോഗമന പ്രതിച്ഛായ ഈ വസ്തുതയെ ഫലപ്രദമായി മൂടി വയ്ക്കുന്നു. 'ദ ഗോഡ് ഓഫ് സ്മോൾ തിങ്സ്' എന്ന നോവലിൽ അരുന്ധതി റോയ് ഇതേ യാഥാർത്ഥ്യം തുറന്നുകാട്ടി. ലിംഗ വിവേചനം മൂലം പ്രണയം, നേരായ വൈകാരികാനുഭവം, കുടുംബം എന്നിവയുടെ അടിസ്ഥാനപ്രമാണങ്ങൾ നേരിടുന്ന ദ്രോഹങ്ങൾക്കെതിരായ ക്രോധത്തിൽ നിന്നാണ് ഈ നോവലിന്റെ പ്രചോദനം ഉറവെടുക്കുന്നത്. എങ്കിലും, ഇതിനെ ഒരു ദളിത് നോവൽ എന്ന് വിളിക്കുന്നത് ഇതിന്റെ സാഹിത്യരചനാതന്ത്രങ്ങളെ ക്രമപ്പെടുത്തുന്നതിൽ സ്ത്രീവാദകാവ്യശാസ്ത്രം വഹിക്കുന്ന പങ്ക് കാണാതെ പോകുന്നതിനാലാണ്. വെളുത്ത എന്ന ദളിത് കഥാപാത്രം നായകനാണെന്ന അഭിമാനത്തിന്റെ അടി സ്ഥാനത്തിലാണ് 'ദ ഗോഡ് ഓഫ് സ്മോൾ തിങ്സ്' ഒരു ദളിത് നോവലായി തെറ്റി വായിക്കപ്പെടുന്നത്. ഈ നോവലിന് ഒരു നായകനില്ല. ഉള്ളത് അമ്മു എന്ന സ്ത്രീനായകനാണ്.

പ്രബല സാമൂഹ്യവിഭാഗങ്ങൾക്കുള്ളിൽ ഉണ്ടാകുന്ന ചില പ്രതിസന്ധി കളെത്തുടർന്നാണ് നോവൽവ്യവഹാരത്തിൽ ദളിതരെ കൂട്ടിച്ചേർക്കാനുള്ള

ശ്രമങ്ങൾ നടക്കുന്നതെന്ന് ഊഹിക്കുന്നതിൽ തെറ്റില്ല. കോട്ടയത്തെ പ്രൊട്ടസ്റ്റന്റ് മിഷനിലുണ്ടായ പ്രതിസന്ധിയാണ് ദളിതരെ കേരളത്തിലെ ആദ്യ നോവലുകളിലൊന്നായ 'ദ സ്ലേയർ സ്ലെയ്നിൽ എഴുതിച്ചേർക്കാനിടയാക്കിയത്.

കോളനികാലത്ത് ഹിന്ദുക്കൾ അനുഭവിച്ച സാംസ്കാരിക ഉത്കണ്ഠയാണ് ഉദ്ഗ്രഥനത്തിന്റെ ഒരു സാഹിത്യസൂത്രമായി ദലിതർ ഉൾപ്പെട്ട പ്രതിലോമവിവാഹം പെട്ടെന്നു പ്രത്യക്ഷപ്പെട്ടതിനു പിന്നിലെ പ്രചോദനം. ദൈവമക്കളിൽ സാവിത്രി കുഞ്ഞിക്കണ്ണനെ സമീപിക്കുന്നത് സ്ത്രീലമ്പടനായ ഒരു നമ്പൂതിരിയുടെ വെപ്പാട്ടി പദത്തിൽ നിന്ന് രക്ഷ നേടാനാണ്. അമ്മു വെളുത്തയെ തേടുന്നത് രഹസ്യ സമാഗമത്തിനു മാത്രമാണ്. രഹസ്യമായ വേഴ്ചകളിലല്ല . പരസ്യമായ ചര്യകളിലാണ് സമത സാക്ഷാൽക്കരിക്കേണ്ടത്.

മലയാളനോവലിൽ സവർണ സ്ത്രീയും ദളിതനും തമ്മിലുള്ള പ്രതിലോമവിവാഹം സങ്കല്പിക്കാൻ പ്രേരിപ്പിക്കുന്ന സ്ഥിതിവിശേഷത്തെ സാവിത്രീപ്രഭാവം എന്നു വിളിക്കുന്നതിൽ തെറ്റില്ലെന്നു തോന്നുന്നു. കൂടുതൽ ആധിപത്യം നേടാനുള്ള സവർണവിഭാഗങ്ങളുടെ ആഗ്രഹമാണ് ഇതു സൂചിപ്പിക്കുന്നത്. താൻ നേരിടുന്ന ദുരവസ്ഥയിൽ നിന്ന് കരകയറാൻ വേണ്ടി ഒരു ദളിത് പങ്കാളിയെ സ്വന്തമാക്കുന്ന സവർണസ്ത്രീയാണ് ഈ ആഗ്രഹത്തെ പ്രതിനിധാനം ചെയ്യുന്നത്. സരസ്വതീവിജയത്തിലും ദുരവസ്ഥയിലും ദൈവമക്കളിലും നായികയുടെ പേര് സാവിത്രി എന്നാണ്. ആചാരലംഘനം നടത്തിക്കൊണ്ടാണ് സാവിത്രി ദളിത് കൂട്ടാളിയെ തേടുകയോ നേടുകയോ ചെയ്യുന്നത്. ദളിതരെ വളഞ്ഞുപിടിക്കാൻ അധീശത്വത്തിന്റെ സാംസ്കാരികദൗത്യം ഏറ്റെടുത്തുകൊണ്ട് അവൾ ജാതിയുടെ അതിർത്തി ലംഘിക്കുകയും അതു മൂലമുണ്ടാകുന്ന ആചാരലംഘനത്തെ ഉദ്ദേശശുദ്ധി കൊണ്ട് പവിത്രീകരിക്കുകയും ചെയ്യുന്നു. സർഗ്ഗാത്മകമായ നവവീര്യപ്രാപ്തിക്കായി പ്രാചീനമായ അപരസംസ്കാരങ്ങളിലേക്ക് തിരിയുന്ന ആധുനിക പാശ്ചാത്യകലയിലെ 'പ്രിമിറ്റിവിസം' പോലെയാണിത് (ജോർഡൻ & വീഡൻ 1997: 315).

ദളിതരെ വളഞ്ഞുപിടിക്കാൻ മനസ്സുറപ്പിച്ച സാവിത്രിയുടെ അധീശപ്രഭാവം മലയാളി ജ്ഞാനോദയത്തിന്റെ ഉൽപ്പന്നമായ ഉദ്ഗ്രഥനത്തിന്റെ കാവ്യശാസ്ത്രത്തെ സാരമായി ബാധിച്ചിട്ടുണ്ട്. സാവിത്രിയുടെ വശീകരണത്തെ പ്രതിരോധിക്കുകയും നിരാകരിക്കുകയും ചെയ്തുകൊണ്ടാണ് ചർച്ചചെയ്ത മറ്റ് കൃതികളിൽ നിന്ന് ദൈവമക്കൾ വ്യത്യസ്തമാകുന്നത്. അംബേദ്കറുടെ പ്രബുദ്ധത എന്ന ആശയം ആധിപത്യ വിരുദ്ധമാണ്. അത് അടിത്തട്ടിൽ നിന്ന് സമതയിലേക്കുള്ള ഉണർവ്വാണ്. ഒരു പരികല്പനയെന്നതിലുപരി

അത് ജാതിശ്രേണിയുടെയും നിന്ദയുടെയും ഉന്മൂലനത്തിലേക്ക് നയിക്കുന്ന പ്രക്രിയയാണ്.

(2000 മെയ് 9-ന് മദ്രാസ് സർവകലാശാല ഡിപ്പാർട്ട്മെന്റ് ഓഫ് പൊളിറ്റിക്സ് ആൻഡ് പബ്ലിക് അഡ്മിനിസ്ട്രേഷൻ സംഘടിപ്പിച്ച സോഷ്യോ-പൊളിറ്റിക്കൽ ഫിക്ഷൻ ഇൻ സൗത്ത്ഇൻഡ്യൻ ലാംഗ്വേജസ് സെമിനാറിൽ അവതരിപ്പിച്ച പ്രബന്ധത്തിന്റെ മലയാളപരിഭാഷ.)

## ആധാരസൂചി

1. അരനോവിറ്റ്സ്, സ്റ്റാൻലി (1992), ദ പൊളിറ്റിക്സ് ഓഫ് ഐഡന്റിറ്റി, ന്യൂയോർക്ക്: റൗത് ലജ്.
2. അംബേദ്കർ ബി.ആർ (1987),അനൈഹിലേഷൻ ഓഫ് കാസ്റ്റ്, ബാംഗ്ളൂർ: ദളിത് സാഹിത്യഅക്കാഡമി.
3. കോൺ ജയിംസ്(1975), ഗോഡ് ഓഫ് ദി ഒപ്രസ്ഡ്, സാൻ ഫ്രാൻസിസ്കോ: ഹാർപർ & ലീ പബ്ലിഷേഴ്സ്.
4. ജോർജ് , ഇരുമ്പയം (1985), നാലു നോവലുകൾ, തൃശ്ശൂർ, കേരള സാഹിത്യ അക്കാദമി.
5. ജോർഡൻ, ഗ്ലെൻ & ക്രിസ് വീഡൻ (1997) കൾച്ചറൽ പൊളിറ്റിക്സ്: ക്ലാസ്സ് , ജെൻഡർ , റെയ്സ് ആൻഡ് ദ പോസ്റ്റ് മോഡേൺ, ബ്ലാക്‌വെൽ പബ്ലിഷേഴ്സ്.
6. പ്ലാസ, കാൾ & ബെറ്റി ജെ. റൈഡിങ് (1994) ദ ഡിസ്കോഴ്സ് ഓഫ് സ്ലേവറി: അഫ്രെബെൻ ടു ടോണി മോറിസൺ, ലണ്ടൻ: റൗത്‌ലജ്.
7. ഭാസ്കരനുണ്ണി പി. (1988), പത്തൊൻപതാം നൂറ്റാണ്ടിലെ കേരളം, തൃശ്ശൂർ,കേരളസാഹിത്യഅക്കാദമി.
8. മോറിസൺ, ടോണി (1992), പ്ലെയിങ് ഇൻ ദ ഡാർക് വൈറ്റ്നസ് ആൻഡ് ദ ലിറ്റററി ഇമാജിനേഷൻ, പിക്കാഡോർ.
9. ലോഡ്ജ്, ഡേവിഡ് (1988), മോഡേൺ ക്രിട്ടിസിസം ആൻഡ് തിയറി: എ റീഡർ, ലണ്ടൻ: ലോങ്മാൻ.
10. സച്ചിദാനന്ദൻ കെ. (1999), ദി എൻഡ് ഓഫ് ആൻ ഇറാ, മലയാളം ലിറ്റററി സർവേ, ഏപ്രിൽ-ജൂൺ 1999.
11. ഹണ്ട്, ഡബ്ലിയു.എസ്. (1968) ദി ആംഗ്ലിക്കൻ ചർച്ച് ഇൻ ട്രാവൻകൂർ ആൻഡ് കൊച്ചിൻ 1816-1916, കോട്ടയം: സി.എം.എസ്. പ്രസ്സ്.

*tmyesudasan@yahoo.co.in*